**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4020** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഹൃദ്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഹൃദ്യം പദ്ധതി ഏതൊക്കെ ആശുപത്രികളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രീ അവിട്ടം തിരുനാൾ ആശുപത്രി- തിരുവനന്തപുരം, മെഡിക്കൽ കോളേജ് ആശുപത്രി- കോട്ടയം, മെഡിക്കൽ കോളേജ് ആശുപത്രി- കോഴിക്കോട്, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് കൊച്ചി, ലിസ്സി ഹോസ്പിറ്റൽ എറണാകുളം, ബിലീവേഴ്സ് ചർച്ച് ആശുപത്രി തിരുവല്ല, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി, ആസ്റ്റർ മെഡിസിറ്റി, മിംസ് കോഴിക്കോട് എന്നീ ആശുപത്രികളിൽ ഹൃദ്യം പദ്ധതി വഴി ഹൃദ്രോഗ ചികിത്സ സൗജന്യമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ; കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ നിലവിൽ കുടിശ്ശിക ആയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായ ഹൃദ്യം പദ്ധതിയുടെ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. 2023-24 സാമ്പത്തിക വർഷം മുതൽ ദേശീയ ആരോഗ്യ ദൗത്യത്തിന് കേന്ദ്ര വിഹിതം ലഭിക്കുന്നില്ല. 2023-24 സാമ്പത്തിക വർഷത്തിൽ 636.88 കോടി രൂപയാണ് നിലവിൽകേന്ദ്ര വിഹിതം ഇനത്തിൽ കുടിശ്ശികയായിട്ടുള്ളത്. |
| (സി) | ഹൃദ്യം പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും പണം ലഭിക്കാനുള്ള എത്ര ആശുപത്രികൾ ഉണ്ടെന്നും ഏതൊക്കെ ആശുപത്രികൾക്ക് എത്ര തുക വീതമാണ് ലഭിക്കാൻ ഉള്ളതെന്നും വ്യക്തമാക്കുമോ; | (സി) | ഹൃദ്യം പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് 9 ആശുപത്രികൾക്ക് പണം ലഭിക്കാനുണ്ട്. പ്രസ്തുത ആശുപത്രികളുടെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.<br><br>1. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം - 28,25,000/- രൂപ<br><br>2. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം - 1,02,30,000/- രൂപ<br><br>3. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് - 5,95,000/- രൂപ |

| | | | |
|---|---|---|---|
| | | | 4. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊച്ചി - 3,34,84,452/-രൂപ<br><br>5. ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജി - 36,56,518/- രൂപ<br><br>6. ആസ്റ്റർ മെഡിസിറ്റി, കൊച്ചി - 76,61,500/- രൂപ<br><br>7. മിംസ് ആശുപത്രി, കോഴിക്കോട് - 3,85,23,000/- രൂപ<br><br>8. ബിലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല – 3,87,000/- രൂപ<br><br>9. ലിസി ഹോസ്പിറ്റൽ, എറണാകുളം - 72,22,567/- രൂപ |
| (ഡി) | ഹൃദ്യം പദ്ധതി തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; പദ്ധതിയുടെ എം.ഒ.യു. പുതുക്കാതിരുന്നതിന്റെ കാരണം വിശദമാക്കുമോ; ഈ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് പ്രസ്തുത ആശുപത്രിക്ക് കുടിശ്ശിക തുക നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | ഹൃദ്യം പദ്ധതി തിരുവനന്തപുരം ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിൽ 2021-22 സാമ്പത്തിക വർഷം വരെ നടപ്പാക്കിയിട്ടുണ്ട്. ടി ഘട്ടത്തിലെ കുടിശ്ശിക നിലവിലുണ്ട്. നിലവിൽ MOU പുതുക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. കൂടാതെ എല്ലാ ആശുപത്രികൾക്കും എന്ന പോലെ Terms and Conditions ലെ മാനദണ്ഡങ്ങൾ അനുസരിച്ച് ശസ്ത്രക്രിയ കഴിഞ്ഞുള്ള ആദ്യവർഷത്തെ മുഴുവൻ follow-up കളുടെയും തുടർചികിത്സകളുടെയും മുഴുവൻ ചെലവും ആശുപത്രിതന്നെ വഹിക്കണം എന്നീ വിഷയങ്ങളിന്മേലുള്ള ചർച്ച പുരോഗമിച്ചുവരുന്നു. |
| (ഇ) | ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിൽ ഹൃദ്യം പദ്ധതി നടപ്പാക്കിയിട്ടില്ലെങ്കിൽ അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിൽ ഹൃദ്യം പദ്ധതി നടപ്പിലാക്കാനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. ഹൃദ്യത്തിന്റെ ജനറൽ MOU പ്രകാരമുള്ള Terms and Conditions ലെ മാനദണ്ഡങ്ങൾ അനുസരിച്ച് ശസ്ത്രക്രിയ കഴിഞ്ഞുള്ള ആദ്യവർഷത്തെ മുഴുവൻ follow-up കളുടെയും തുടർചികിത്സകളുടെയും ചെലവ് ആശുപത്രിതന്നെ വഹിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ആശുപത്രി അധികൃതരുടെ തീരുമാനത്തിനായി നിലവിൽ കാത്തിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ